# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 3272

14-10-2011-ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിന് ലഭിക്കുവാനുള്ള കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. നാണു<br>,, മാത്യു റ്റി. തോമസ്<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഇതുവരെയുള്ള നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്താമോ ; | (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ഇലക്ട്രിസിറ്റി നിയമം 1948 അനുസരിച്ച് ക്യാപിറ്റൽ ബേസിന്റെ 3% ലാഭം കാണിക്കേണ്ടതുണ്ടായിരുന്നു. 16.08.1995 ലെ ഗവ.ഉ.(എം.എസ്.) നമ്പർ.13/95 പി.ഡി. ഉത്തരവ് പ്രകാരം ഏതെങ്കിലും വർഷത്തിൽ ഇപ്രകാരം 3% ലാഭം നേടാൻ സാധിക്കാത്ത പക്ഷം കുറവ് വരുന്ന തുക സർക്കാർ സബ്സിഡിയായി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത തുക സർക്കാരിൽ നിന്നും ലഭിക്കേണ്ടതായി വരവുവെച്ചാണ് ബോർഡ് കണക്കുകൾ തയ്യാറാക്കിയിരുന്നത്.<br><br>2006-07 സാമ്പത്തിക വർഷം മുതൽ ബോർഡ് കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ വിഭാവന ചെയ്തിട്ടുള്ള ഇക്വിറ്റിയുടെ 14% വും 2009-10 മുതൽ 15.5% വും ലാഭം കാണിക്കേണ്ടതുണ്ട്. ഇതിൽ കുറവ് വരുന്ന തുക റവന്യൂ ഗ്യാപ്പ്/റെഗുലേറ്ററി അസറ്റായി വരവുവെച്ചാണ് ബോർഡ് കണക്കുകൾ തയ്യാറാക്കുന്നത്. 2009-10 ലെ ആഡിറ്റ് ചെയ്ത വാർഷിക കണക്കുപ്രകാരം ബോർഡിന്റെ സഞ്ചിത ലാഭം 1486.18 കോടി രൂപയാണ്. എന്നാൽ മുകളിൽ വിശദീകരിച്ച പ്രകാരം ബോർഡിന് സർക്കാരിൽ നിന്നും ലഭിക്കാനുള്ള |

സബ്സിഡിയും റെഗുലേറ്ററി അസറ്റും ചേർന്നുള്ള തുകയായ 3945.56 കോടി രൂപ കുറവ് ചെയ്യുമ്പോൾ പ്രസ്തുത സഞ്ചിത ലാഭം 2459.38 കോടി രൂപ സഞ്ചിത നഷ്ടമായി മാറും.

(ബി) വൈദ്യുതി വിഛേദിക്കുവാൻ പാടില്ലെന്ന് കോടതി ഉത്തരവ് ലഭിച്ച കുടിശ്ശിക തുക എത്രയെന്നും തവണ വ്യവസ്ഥയിൽ പരിച്ചെടുക്കുന്ന കുടിശ്ശിക എത്രയെന്നും വിശദമാക്കാമോ ;

(ബി) വൈദ്യുതി വിച്ഛേദിക്കുവാൻ പാടില്ലെന്ന് കോടതി ഉത്തരവു ലഭിച്ച എച്ച്.റ്റി. ഉപഭോക്താക്കളുടെ കുടിശ്ശിക തുക 117,54,38,073/- രൂപയും എച്ച്.റ്റി. ഉപഭോക്താക്കളിൽ നിന്നും തവണ വ്യവസ്ഥയിൽ പിരിച്ചെടുത്ത തുക 29,36,19,384/- രൂപയുമാണ്.

എൽ.റ്റി. വിഭാഗത്തിൽ വൈദ്യുതി വിച്ഛേദിക്കുവാൻ പാടില്ലെന്ന് കോടതി ഉത്തരവു ലഭിച്ച കുടിശ്ശിക തുക ഏകദേശം 3144.25 ലക്ഷം രൂപയും തവണ വ്യവസ്ഥയിൽ പിരിച്ചെടുക്കുന്ന കുടിശ്ശിക തുക ഏകദേശം 72.34 ലക്ഷം രൂപയുമാണ്.

(സി) വിവിധ സർക്കാർ സ്ഥാപനങ്ങൾ ബോർഡിന് നൽകേണ്ട കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) 31.05.2011 വരെ ക്രോഡീകരിച്ച കണക്കു പ്രകാരം സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ നിന്നും 262.27 കോടി രൂപയും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപന ങ്ങൾ എന്നിവയിൽ നിന്നും 362.59 കോടി രൂപയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 9.21 ,കോടി രൂപയും കേന്ദ്ര സർക്കാർ സ്ഥാപന ങ്ങളിൽ നിന്നും 31.63 ലക്ഷം രൂപയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 3.78 കോടി രൂപയും കുടിശ്ശികയായി വൈദ്യുതി ബോർഡിന് പിരിഞ്ഞു കിട്ടാനുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതിബിൽ കുടിശ്ശിക ആയതിന്റെ പേരിൽ ഏതെങ്കിലും സർക്കാർ സ്ഥാപനത്തിന്റെ വൈദ്യുതി വിഛേദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈദ്യുതി ബിൽ കുടിശ്ശിക ആയതിന്റെ പേരിൽ എച്ച്.റ്റി. വിഭാഗത്തിലെ ഒരു സർക്കാർ സ്ഥാപനത്തിന്റെയും വൈദ്യുതി വിച്ഛേദിച്ചിട്ടില്ല.

L.T വിഭാഗത്തിൽ പൂയപ്പള്ളി വാട്ടർ അതോറിറ്റി ഓഫീസ്, വില്ലേജ് ഓഫീസ്, പട്ടാഴി, വില്ലേജ് ഓഫീസ്, ഏഴംകുളം, വില്ലേജ് ഓഫീസ്, മെഴുവേലി, ഫാമിലി

വെൽഫെയർ സെന്റർ, ഏനാത്ത്, മൈനർ ഇറിഗേഷൻ, മുടിയൂർകോണം, ഗവൺമെന്റ് ഹോസ്പിറ്റൽ, ഇലവുംതിട്ട, വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസ്, ആലപ്പുഴ, ലാന്റ് അക്വിസിഷൻ ഓഫീസ്, ആലപ്പുഴ, എഡ്യൂക്കേഷൻ ഓഫീസ്, ആലുവ, റവന്യൂ ഓഫീസ്, ആലുവ, എക്സൈസ് ഓഫീസ്, മൂവാറ്റുപുഴ, കേരള വാട്ടർ അതോറിറ്റി, കൽപ്പറ്റ, താലൂക്ക് ഓഫീസ്, മഞ്ചേരി, സിവിൽ സ്റ്റേഷൻ, മഞ്ചേരി, കേരള വാട്ടർ അതോറിറ്റി, തിരൂർ, കേരള വാട്ടർ അതോറിറ്റി, കണ്ണൂർ, വില്ലേജ് ഓഫീസ്, തിരുവങ്ങാട്, കേരള വാട്ടർ അതോറിറ്റി, കാസർഗോഡ് എന്നീ ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിരുന്നു.

(ഇ) വൈദ്യുതിബിൽ കുടിശ്ശിക ആയതിന്റെ പേരിൽ വൈദ്യുതി ബന്ധം വിഛേദിക്കുന്നതിനാൽ പൊതുജനങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ആവശ്യ സർവ്വീസുകളായ ജലവിതരണം, ആരോഗ്യ വകുപ്പ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക തുക വൈദ്യുതി ബോർഡിന് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

(ഇ) പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ജലവിതരണ പദ്ധതികൾ സർക്കാർ ആശുപത്രികൾ തുടങ്ങിയവയുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാതിരിക്കാൻ വൈദ്യുതി ബോർഡ് പരമാവധി ശ്രമിക്കുന്നുണ്ട്. വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി ബോർഡിനു നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കാതിരിക്കുന്നതിനായി ജലവിതരണ പദ്ധതികൾ, സർക്കാർ ആശുപത്രികൾ എന്നിവയുടെ കുടിശ്ശിക ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനു ബന്ധപ്പെട്ട വകുപ്പു മേധാവികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ